# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം :*225 07.12.2018-ൽ മറുപടിയ്ക്ക്

## കാവുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| **ഡോ. എം. കെ. മുനീർ**<br>**ശ്രീ.ടി. വി. ഇബ്രാഹിം**<br>**,, എൻ. ഷംസുദ്ദീൻ**<br>**,, പി.കെ.ബഷീർ :** | **അഡ്വ: കെ. രാജു**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി)** |
| എ) **കാവുകളുടെ സംരക്ഷണത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;** | എ) കാവ് സംരക്ഷണവും പരിപാലനവും എന്ന പേരിൽ ഒരു പദ്ധതി വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) **പ്രസ്തുത പദ്ധതിയിലേക്ക് കാവുകൾ തെരഞ്ഞെടുക്കുന്ന രീതി, മാനദണ്ഡം എന്നിവ വ്യക്തമാക്കാമോ?** | ബി) 24.12.2016 ലെ ജി.ഒ.(ആർ.റ്റി.) നം.485/2016/വനം എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ അടിസ്ഥാനത്തിൽ അതാത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പത്രപ്പരസ്യം നൽകി അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത അപേക്ഷകൾ പരിഗണനാർഹമാണോ എന്ന് സ്ഥലപരിശോധന നടത്തി ഉറപ്പു വരുത്തുവാൻ ബന്ധപ്പെട്ട റെയ്ഞ്ചാഫീസർമാരെ നിയോഗിക്കുന്നു. ആയതു പ്രകാരം ലഭിക്കുന്ന റിപ്പോർട്ടനുസരിച്ച് വലുതും ജൈവവൈവിധ്യമൂല്യവുമുള്ള കാവുകളെ തെരഞ്ഞെടുത്ത് ഓരോ ജില്ലയിലും അഞ്ച് അപേക്ഷകൾ വീതം ഷോർട്ട് ലിസ്റ്റ് ചെയ്ത് സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുകയും , കമ്മിറ്റി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള തുകയും- |

ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ധനസഹായം നൽകി വരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി അപേക്ഷകനും ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരും ഒരു ധാരണാ പത്രം ഒപ്പിടേണ്ടതുണ്ട് . ആയതിനു ശേഷം കാവുസംരക്ഷണത്തിന് തിട്ടപ്പെടുത്തിയ ആകെ ചെലവിന്റെ 10% (പരമാവധി ഇരുപത്തിഅയ്യായിരം രൂപ വരെ) ആദ്യഗഡുവായി അപേക്ഷകന് നൽകുകയും ചെയ്യുന്നു. ഉടമ്പടി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം വൗച്ചറുകളും രേഖകളും നൽകുന്ന മുറയ്ക്ക് ബാക്കി തുക (ആകെ തുകയുടെ 25% വരെ) നൽകി വരുന്നു. കൂടാതെ ഇരുപത്തി അയ്യായിരം രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നു.

**സെക്ഷൻ ഓഫീസർ**